## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6488** — **08/11/2016-ൽ മറുപടിക്ക്**

### എല്ലാ ജില്ലാ, താലൂക്ക് ആശുപത്രികളിലും ബ്ലഡ് ബാങ്ക്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.സി. ദിവാകരൻ** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |
| **എ)** നെടുമങ്ങാട് നിയോജക മണ്ഡലത്തിലെ ഏതൊക്കെ ആശുപത്രികളോട് അനുബന്ധിച്ചാണ് ബ്ലഡ് ബാങ്ക് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; | **എ)** നിലവിൽ നെടുമങ്ങാട് ജില്ലാ ആശുപത്രിയിൽ ഒരു രക്തസംഭരണ യൂണിറ്റാണ് പ്രവർത്തിക്കുന്നത്. നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ മറ്റ് സർക്കാർ രക്തബാങ്കുകൾ നിലവിലില്ല. |
| **ബി)** സംസ്ഥാനത്തെ എല്ലാ ജില്ലാ, താലൂക്ക് ആശുപത്രികളിലും ബ്ലഡ് ബാങ്ക് സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ ? | **ബി)** നിലവിലെ വ്യവസ്ഥകൾ അനുസരിച്ച് പ്രതിവർഷം 2000 യൂണിറ്റിൽ കൂടുതൽ രക്തം ആവശ്യമായി വരുന്ന ആശുപത്രികളിലാണ് രക്തബാങ്കുകൾ ആരംഭിക്കുന്നത്. 2000 യൂണിറ്റിൽ താഴെയാണ് രക്തത്തിന്റെ ആവശ്യകതയെങ്കിൽ രക്ത സംഭരണ യൂണിറ്റുകളാണ് ആരംഭിക്കുക. കേരളത്തിലെ 14 ജില്ലകളിലായി 34 സർക്കാർ രക്തബാങ്കുകളാണ് പ്രവർത്തിച്ചുവരുന്നത്. ഇതിൽ 06 താലൂക്ക് ആശുപത്രികളും 09 ജില്ലാ ആശുപത്രികളും 05 ജനറൽ ആശുപത്രികളും ഉൾപ്പെടുന്നു. കൂടാതെ താലൂക്കാശുപത്രികളും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളും ഉൾപ്പെടെ 53 സർക്കാർ ആശുപത്രികൾക്ക് രക്തസംഭരണ യൂണിറ്റുകളുണ്ട്. രക്തത്തിന്റെ ആവശ്യകതയും മറ്റ് വ്യവസ്ഥകളും പരിഗണിക്കാതെ എല്ലാ ജില്ലാ, താലൂക്ക് ആശുപത്രികളിലും ബ്ലഡ് ബാങ്കുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ